# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2181 05-5-2017-ൽ മറുപടിക്ക്

## സാമൂഹിക സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.ജോർജ് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി പ്രഖ്യാപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ ആക്ടിന്റെ (2008-ലെ 33-ാം കേന്ദ്ര ആക്ട്) അടിസ്ഥാനത്തിൽ കേരള സർക്കാർ അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ വരുത്തുന്നതിനുമായി 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 11-02-2016 മുതൽ പ്രാബല്യത്തിലാണ് ഈ പദ്ധതി നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. മുമ്പ് നിലവിലുണ്ടായിരുന്ന കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി |

ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്ക തൊഴിലാളി ക്ഷേമപദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയിലെ അംഗങ്ങ-ളേയും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്ന തീയതി മുതൽ ഈ പദ്ധതിയിലെ അംഗങ്ങളായി കരുതുന്നതാണ്.

സെക്ഷൻ ഓഫീസർ